# പതിനൊന്നാം കേരള നിയമസഭ

നാലാം സമ്മേളനം

# ചോദ്യോത്തരങ്ങൾ - സംഗ്രഹം

2002 ജൂലായ് 12, വെള്ളി

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

143 (*440) കൈത്തറി മേഖലയിലെ പരിഷ്ക്കരണം

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി) ക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി) നൽകിയ മറുപടിയിൽ, കൈത്തറി തുണിയുടെ കയറ്റുമതി സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് കേന്ദ്ര സഹായത്തോടെയുള്ള ടെക്സ്റ്റൈൽസ് സെന്റർ ഇൻഫ്രാസ്ട്രക്ച്ചറൽ ഡവലപ്മെന്റ് സ്കീമും ഡവലപ്മെന്റ് ഓഫ് എക്സ്പോർട്ടബിൾ പ്രോഡക്ട് ആന്റ് മാർക്കറ്റിംഗ് സ്കീമും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കൂടാതെ ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സംഘങ്ങൾ എന്നിവയ്ക്ക് കയറ്റുമതി വില്പന തുകയുടെ 20% പ്രോത്സാഹനമായി നൽകുന്നു. ഈ സാമ്പത്തിക വർഷം നടപ്പാക്കാനുദ്ദേശിക്കുന്ന കലാപരമായ കൈത്തറി വസ്ത്രങ്ങളുടെ വിപുലീകരണം എന്ന പദ്ധതി മാസ്റ്റർ ക്രാഫ്റ്റ്സ്മാൻമാരെ കണ്ടെത്തുന്നതിനും അവരുടെ അതുല്യമായ കരവിരുത് പ്രയോജനപ്പെടുത്തുന്നതിനും അവരെ ആദരിക്കുന്നതിനും ലക്ഷ്യമാക്കിയിട്ടുള്ളതാണ്. ഈ പദ്ധതിപ്രകാരം ഓരോ വർഷവും 100 വിദഗ്ദ്ധ നെയ്ത്തു കാരെ കണ്ടെത്തി അവരെ ആധുനിക കമ്പോള രംഗത്തെ സാദ്ധ്യതകളെക്കുറിച്ച് ബോധവാന്മാരാക്കി, മൂല്യവർദ്ധനവ് വരുത്തിയ ആകർഷണീയമായ വസ്ത്രങ്ങൾ നിർമ്മിക്കുന്നതിന് സഹായിക്കുന്നു. ഇവർക്ക് 3000 രൂപ ഇൻസെന്റീവ് കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന കൈത്തറി വസ്ത്രങ്ങളിൽ ഏറ്റവും മെച്ചപ്പെട്ടവയ്ക്ക് സംസ്ഥാനതല അവാർഡ് നൽകാനും ദേശീയ അന്തർദേശീയ തലത്തിൽ അവരുടെ ഉല്പന്നങ്ങൾക്ക് പ്രചാരം നൽകാനും ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നു. എല്ലാ വർഷവും നടപ്പാക്കാനുദ്ദേശിക്കുന്ന ഈ സ്കീമിലൂടെ വിദഗ്ദ്ധ ക്രാഫ്റ്റ്സ്മാൻമാരെ കണ്ടെത്താനും അവരുടെ സേവനം ഈ വ്യവസായത്തിന് പ്രയോജനപ്പെടുത്താനും കഴിയും. കൈത്തറി തുണി നിർമ്മാണത്തിൽ വൈദഗ്ദ്ധ്യമുള്ളവരെ സൃഷ്ടിക്കുന്നതിനുള്ള പല പരിശീലന പരിപാടികളും നിലവിലുണ്ട്. പുതിയ പരിശീലന

പരിപാടികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഉയർന്ന നിലവാരമുള്ള നൂൽ മിതമായ വിലയ്ക്ക് കൈത്തറി സംഘങ്ങൾക്ക് ലഭ്യമാക്കാനായി ഹാന്റക്സ്, ഹാൻവീവ്, എറണാകുളം ജില്ലാ സഹകരണ യാൺ ബാങ്ക് എന്നീ സ്ഥാപനങ്ങൾക്ക് ഒരു കിലോയ്ക്ക് ശരാശരി 15 രൂപ നിരക്കിൽ ഹാങ്ക്യാൺ സബ്സിഡി നൽകി വരുന്നു. കൈത്തറി സഹകരണ സംഘങ്ങളിലെ വിദഗ്ദ്ധ നെയ്ത്തുകാർക്ക് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻസ്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, ഹാന്റ്ലൂം എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ വിദേശ വിപണി ലക്ഷ്യമാക്കി ആകർഷണീയമായ കൈത്തറി ഉല്പന്നങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനും അവ കയറ്റുമതി ചെയ്യുന്നതിനും സംഘങ്ങളെ പ്രാപ്തരാക്കാൻ ഹാന്റക്സ്, ഹാൻവീവ് എന്നീ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ഒരു പരിപാടി ഈ വർഷം മുതൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സേലത്തുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജിയിലേയും കോഴിക്കോട് സർവ്വകലാശാലയിലെ കോസ്റ്റ്യൂം ആന്റ് ഫാഷൻ ഡിസൈനിംഗ് വിഭാഗത്തിന്റേയും സേവനം പ്രയോജനപ്പെടുത്തി ഡിസൈൻ സമ്പ്രദായം വ്യാപിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൈത്തറി മേഖലയിൽ കെട്ടിക്കിടക്കുന്ന 40 കോടിയോളം രൂപയുടെ തുണികൾ വിറ്റഴിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചുവരികയാണ്. കൈത്തറി സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്ന കൈത്തറി ത്തുണികളുടെ വില്പന നിയന്ത്രിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ദീനദയാൽ കൈത്തറി വികസനം എന്ന കേന്ദ്രാവിഷ്കൃത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതിപ്രകാരം 750 രൂപ വർക്ക് കോമ്പൻസേഷനായും 1250 രൂപ പരിശീലനകാലത്ത് നൽകുന്നതിനും സംസ്ഥാന ഗവൺമെന്റ് ഉത്തരവായിട്ടുണ്ട്. കണ്ണൂർ ടെക്സ്റ്റൈൽ ഇൻഡസ്ട്രീസിന്റെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുവേണ്ടി അമ്പതു ശതമാനം കേന്ദ്ര സഹായത്തോടെയുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിർത്തിവച്ചിരിക്കുന്ന റിബേറ്റ് ആനുകൂല്യം പുനഃസ്ഥാപിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

144 (*441) <u>സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാരുടെ കമ്മിഷൻ</u>

സഹകരണ വകുപ്പുമന്ത്രി (ശ്രീ. എം.വി.രാഘവൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ കളക്ഷൻ ഏജന്റുമാർക്ക് വ്യത്യസ്ത നിരക്കിലുള്ള കമ്മിഷൻ വ്യവസ്ഥയാണ് നിലവിലുള്ളതെന്ന് സഭയെ അറിയിച്ചു. ഓരോ സംഘത്തിന്റെയും സാമ്പത്തിക സ്ഥിതിക്കനുസൃതമായ കമ്മിഷനാണ് ഏജന്റുമാർക്ക് നൽകുന്നത്. ഗവൺമെന്റ് പ്രഖ്യാപിച്ച ക്ഷേമനിധി ആനുകൂല്യം 335 സഹകരണ സ്ഥാപനങ്ങളിലെ 1469 അംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്. പ്രൈമറി സഹകരണസംഘങ്ങളിൽ നിലവിലുള്ള റിക്രൂട്ടമെന്റ് ബോർഡ് മുഖേനയാണ് കളക്ഷൻ ഏജന്റുമാരെ നിയമിക്കുന്നതെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു..

145 (*442) <u>ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ സർക്കാർ നൽകുന്ന സഹായം</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി, വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് ക്യാപിറ്റൽ ഇൻവെസ്റ്റ്മെന്റിനും

വർക്കിംഗ് ക്യാപിറ്റലിനും തുക നൽകുന്നത് പ്രധാനമായും ധനകാര്യ സ്ഥാപനങ്ങളാണെന്ന് സഭയെ അറിയിച്ചു. ഫീസിബിലിറ്റി സ്റ്റഡി നടത്തിയശേഷം ഡിപ്പാർട്ടുമെന്റു തലത്തിൽത്തന്നെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കി ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾക്ക് നൽകി യൂണിറ്റുകൾക്ക് ഇത്തരം വായ്പ വാങ്ങിക്കൊടുക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്. സർക്കാർ ഈ കാര്യങ്ങൾക്ക് പൂർണ്ണമായി തുക നൽകുന്നില്ലെങ്കിലും ചെറുകിട വ്യവസായം തുടങ്ങാൻ വ്യക്തിയുടെ വിഹിതമായി ധനകാര്യ സ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്ന മാർജിൻ മണിയുടെ 50 ശതമാനം പ്രോജക്ട് ചെലവിന്റെ 20 ശതമാനം ഇതിൽ ഏതാണോ കുറവ് ആ തുക പരമാവധി 2.50 ലക്ഷം (എൻ.ആർ.കെ.യ്ക്ക് 5 ലക്ഷം രൂപ) മാർജിൻ മണി വായ്പയായി ഡിപ്പാർട്ടുമെന്റ് നൽകുന്നുണ്ട്. കൂടാതെ സ്ഥിരം മൂലധനത്തിന്റെ 10 ശതമാനം പരമാവധി 5 ലക്ഷം രൂപയും ഇടുക്കി വയനാട് ജില്ലകളിൽ 10 ശതമാനം പരമാവധി 10 ലക്ഷം രൂപവരെയും മൂലധന നിക്ഷേപ സബ്സിഡിയായി നൽകുന്നു. ത്രസ്റ്റ് വ്യവസായങ്ങൾക്ക് ഇത് പരമാവധി 15 ശതമാനം അല്ലെങ്കിൽ 15 ലക്ഷം രൂപയും ഇടുക്കി, വയനാട് ജില്ലകളിൽ ഇത് 25 ശതമാനം പരമാവധി 25 ലക്ഷം രൂപയുമാണ്. ഗവൺമെന്റ് ഉൾപ്പെടെയുള്ള ഫൈനാൻസിംഗ് ഏജൻസികളിൽനിന്ന് വായ്പയെടുത്ത് വ്യവസായം തകർന്ന് നശിക്കാനിടയായ സംരംഭകരെ സഹായിക്കുന്നതിന് ഗവൺമെന്റ് പീഡിത വ്യവസായ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം പീഡിത വ്യവസായമായി പരിഗണിക്കപ്പെടാനുള്ള റിസർവ് ബാങ്കിന്റെ മാനദണ്ഡങ്ങൾ അനുസരിച്ചുള്ള യൂണിറ്റുകളെ ധനകാര്യ സ്ഥാപനങ്ങളുടെ സമ്മതത്തോടെ പീഡിത വ്യവസായമായി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ രജിസ്റ്റർ ചെയ്യുന്നു. ചെറുകിട പീഡിത വ്യവസായങ്ങളുടെ പുനരുദ്ധാരണം ശ്രദ്ധിക്കുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ഒരു ജില്ലാ പുനരുദ്ധാരണ സമിതിയും പ്രവർത്തിച്ചുവരുന്നു. പീഡിത വ്യവസായമായി രജിസ്റ്റർ ചെയ്തിട്ടുള്ള യൂണിറ്റുകൾക്ക് മാർജിൻ മണി വായ്പ ഇനത്തിൽ യൂണിറ്റിന്റെ സ്റ്റാർട്ട് അപ് ചെലവുകൾ ഉൾപ്പെടെ പരമാവധി 1 ലക്ഷം രൂപയും പുനരുദ്ധാരണ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പരമാവധി 2000 രൂപയും ഗ്രാന്റായി നല്കിവരുന്നു. റവന്യൂ റിക്കവറി നടപടികൾ എടുത്തിട്ടുള്ള ചെറുകിട വ്യവസായങ്ങൾക്ക് അടയ്ക്കേണ്ട തുക ഗഡുക്കളായി തിരിച്ചടയ്ക്കുവാനുള്ള അവസരം നൽകുക, വൈദ്യുതി വിച്ഛേദിച്ചിട്ടുണ്ടെങ്കിൽ ഉടൻതന്നെ പുനഃസ്ഥാപിക്കുക, വൈദ്യുതി ചാർജ്ജ് ഇനത്തിലുള്ള കുടിശ്ശിക ഗഡുക്കളായി അടയ്ക്കുക എന്നീ ആനുകൂല്യങ്ങളും പുനരുദ്ധാരണത്തിന്റെ ഭാഗമായി നൽകിവരുന്നു.വിവിധ ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ചുകൊണ്ട് ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് പ്രയോജനകരമായ നിലയിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ധനസഹായം നൽകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രങ്ങൾ പുനഃസംഘടിപ്പിക്കുവാൻ ഗവൺമെന്റ് ആലോചിക്കുന്നുണ്ടെന്ന് ഒരു ഉപചോദ്യത്തിനു മറുപടിയായി മന്ത്രി അറിയിച്ചു.

146(*443) <u>കടാശ്വാസ പ്രഖ്യാപനം നടപ്പാക്കിയ ഇനത്തിൽ സഹകരണ സംഘങ്ങൾക്കുണ്ടായ നഷ്ടം</u>

സഹകരണ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കടാശ്വാസ പ്രഖ്യാപനം നടപ്പാക്കിയ ഇനത്തിൽ സഹകരണസംഘങ്ങൾക്കുണ്ടായ നഷ്ടത്തെപ്പറ്റിയുള്ള അപേക്ഷ ലഭിച്ചാൽ അവ ജില്ലാകളക്ടർക്ക് അയച്ചുകൊടുക്കുന്നതിനുള്ള നടപടികളെടുത്തുകൊണ്ടിരിക്കുകയാണെന്ന് സഭയെ അറിയിച്ചു. രണ്ട് ഹെക്ടറിൽ കവിയാതെ കൃഷിഭൂമി ഉള്ളതും 60,000 രൂപവരെ വാർഷിക

വരുമാനമുള്ളതും കൃഷി പ്രധാന ജീവിതമാർഗ്ഗം ആയിരിക്കുകയും ചെയ്യുന്ന ഒരാൾ (കർഷകത്തൊഴിലാളി ഉൾപ്പെടെ) സഹകരണ സംഘത്തിൽനിന്നും കാർഷിക ആവശ്യത്തിന് എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള വായ്പയിൽ കുടിശ്ശിക ആയിട്ടുള്ള കടത്തിന് സർക്കാർ പ്രഖ്യാപിച്ച കാർഷിക കടാശ്വാസ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണെന്ന് മന്ത്രി അറിയിച്ചു.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

147 (*445) <u>പുതിയ വ്യവസായ സംരംഭകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭകർക്ക് വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള വ്യവസായ വികസന പ്ലോട്ട്, വ്യവസായ വികസന പ്രദേശം, വ്യവസായ പാർക്ക് എന്നിവിടങ്ങളിൽ ലഭ്യമായ ഭൂമി ഔട്ട് റൈറ്റ് പർച്ചേസ്, ഹയർ പർച്ചേസ് വ്യവസ്ഥകളിൽ നൽകി വരുന്നുണ്ടെന്ന് അറിയിച്ചു. കൂടാതെ മേജർ/മിനി വ്യവസായ എസ്റ്റേറ്റുകളിലും ലഭ്യമായ വ്യവസായ ഷെഡ്ഡുകളും നൽകുന്നുണ്ട്. കെട്ടിടം പണിയുന്നതിനും മെഷിനറി വാങ്ങുന്നതിനും ആവശ്യമായ മൂലധന വായ്പയും പ്രവർത്തന മൂലധന വായ്പയും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കുന്നതിനും ശുപാർശകൾ നൽകുന്നുണ്ട്. നെഗറ്റീവ് ലിസ്റ്റിൽ പെടാത്ത ചെറുകിട വ്യവസായങ്ങൾക്ക് മാർജിൻ മണി വായ്പയും മൂലധന നിക്ഷേപ സബ്സിഡിയും അനുവദിക്കുന്നുണ്ട്.

148 (*447) <u>എ. റ്റി. എം. കൗണ്ടറുകൾ</u>

സഹകരണ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എ. റ്റി. എം. കൗണ്ടറുകൾ ആരംഭിക്കാൻ ഉദ്ദേശമുണ്ടെന്ന് അറിയിച്ചു. ഒരു എ. റ്റി. എം. മെഷീനിന്റെ വിലയും അത് സ്ഥാപിക്കുന്നതിനുള്ള മറ്റ് ചെലവുകളു മടക്കം ഏകദേശം 10 ലക്ഷത്തോളം രൂപ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

149(*449) <u>കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്ക്കരണ വ്യവസായ വികസനം</u>

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്ക്കരണ വ്യവസായ വികസനത്തിനായി ഒരു മിഷൻ സ്ഥാപിക്കു ന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിച്ചു. കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ ഡവലപ്മെന്റ് കോർപ്പറേഷനെ ഭക്ഷ്യ സംസ്ക്കരണ വ്യവസായ വികസനത്തിനുവേണ്ടി ആവിഷ്ക്കരി ച്ചിട്ടുള്ള വിവിധ സ്കീമുകളുടെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്.

150 (*450) <u>ഐ.റ്റി. ഐ. കളിലും മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നിലവിലുള്ള പാഠ്യപദ്ധതി</u>

തൊഴിൽ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്തെ ഐ.റ്റി. ഐ. കളിലും മറ്റ് സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 1997–ൽ കേന്ദ്ര സർക്കാർ പരിഷ്ക്കരിച്ച പാഠ്യപദ്ധതിയാണ് നിലവിലുള്ളതെന്ന് അറിയിച്ചു. ഐ.റ്റി.ഐ.കളിൽ നടത്തുന്ന കോഴ്സുകളുടെ പാഠ്യപദ്ധതിയും പരിശീലന പരിപാടികളും തയ്യാറാക്കുന്നത് കേന്ദ്ര തൊഴിൽ വകുപ്പിന്റെ കീഴിലുള്ള നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് ആണ്. പ്രസ്തുത പാഠ്യപദ്ധതി എല്ലാ സംസ്ഥാനങ്ങളിലും ഒരുപോലെയാണ് നടത്തി വരുന്നത്. ആയതിനാൽ കേരളത്തിൽ മാത്രമായി മാറ്റങ്ങൾ വരുത്തുവാൻ സാദ്ധ്യമല്ല.

151 (*451) <u>ചുമട്ടുതൊഴിലാളി നിയമം</u>

തൊഴിൽ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് നിലവിലിരിക്കുന്ന 1978–ലെ കേരള ചുമട്ടുതൊഴിലാളി നിയമം സംസ്ഥാനമൊട്ടാകെ ബാധകമാക്കിയിട്ടുള്ളതാണെന്ന് അറിയിച്ചു. പ്രസ്തുത നിയമത്തിലെ 13–ാം വകുപ്പുപ്രകാരം രൂപീകരിച്ച 1983–ലെ കേരള ചുമട്ടു തൊഴിലാളി (തൊഴിൽ ക്രമീകരണവും ക്ഷേമവും) പദ്ധതി സംസ്ഥാനത്ത് ഇനിയും കൂടുതൽ പ്രദേശങ്ങളിൽ നടപ്പാക്കാൻ വേണ്ടുന്ന ഊർജ്ജിത പ്രവർത്തനങ്ങൾ കേരള ചുമട്ടു തൊഴിലാളി ക്ഷേമബോർഡ് കൈക്കൊണ്ടു വരുന്നുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

155(2789) <u>വ്യവസായ യൂണിറ്റുകൾക്ക് നൽകിയ മാർജിൻ മണി</u>

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് 469.84 ലക്ഷം രൂപ (30–6–2002 വരെ) മാർജിൻ മണി നൽകിയിട്ടുണ്ട്.

156 (2802) <u>വ്യവസായ സഹകരണസംഘങ്ങൾ</u>

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത 53 വ്യവസായ സഹകരണസംഘങ്ങളിൽ 31 എണ്ണം പ്രവർത്തനമാരംഭിച്ചു.

157(2807) <u>വനിതാ വ്യവസായ സഹകരണ സംഘങ്ങൾ</u>

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം രജിസ്റ്റർ ചെയ്ത 38 വനിതാ വ്യവസായ സഹകരണസംഘങ്ങളിൽ 5 എണ്ണത്തിന് 5,61,000 രൂപ ഓഹരി മൂലധന പങ്കാളിത്തമായി നൽകി.

158 (2854) <u>റോഡപകടങ്ങൾ കുറയ്ക്കുന്നതിന് സോളാർ ബ്ലിങ്കേഴ്സ് സ്ഥാപിക്കാൻ നടപടി</u>

സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി നാഷണൽ ഹൈവേകളിൽ 20 സോളാർ ബ്ലിങ്കേഴ്സ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

-----